(ബി) സർക്കാർ ജീവനക്കാരുടെ 32 ദിവസത്തെ പ്രക്ഷോഭവുമായി ബന്ധപ്പെട്ട് എത്ര വനിതാ ജീവനക്കാരെ അറസ്റ്റ് ചെയ്ത് ജയിലിലടയ്ക്കുകയുണ്ടായെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 653 സ്ത്രീകളെയും (ഒരു വിദ്യാർത്ഥിനിയുൾപ്പെടെ) അവരോടൊപ്പമുണ്ടായിരുന്ന 5 വയസ്സിനു താഴെയുള്ള 175 കുട്ടികളെയും ഇക്കാലയളവിൽ ജയിലിൽ പാർപ്പിച്ചിട്ടുണ്ട്.

(ബി) 29 വനിതാ ജീവനക്കാരെ ജയിലിലടയ്ക്കുകയുണ്ടായിട്ടുണ്ട്.

തടവുകാരെ കോടതിയിൽ കൊണ്ടുപോകുമ്പോൾ അനുവദിച്ചിട്ടുള്ള ഭക്ഷണതുക

29 [2459] *ശ്രീ. പി. ജയരാജൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ജയിലുകളിലുള്ള ജീവപര്യന്തം തടവുകാരുടെയും മറ്റു തടവുകാരുടെയും എണ്ണം എത്രയാണെന്നു വിശദമാക്കുമോ;

(ബി) റിമാണ്ടിലും ശിക്ഷയിലും കഴിയുന്ന തടവുകാരെ കോടതിയിലും മറ്റും ഹാജരാക്കാൻ കൊണ്ടുപോകുമ്പോൾ ഇവർക്ക് അനുവദിച്ചിട്ടുള്ള ഭക്ഷണതുക എത്രയാണെന്ന് വിശദമാക്കുമോ;

(സി) ഇപ്പോൾ നൽകുന്ന തുക ഏത് വർഷം മുതൽ നിശ്ചയിച്ചതാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത് പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1-7-2005-ലെ കണക്കനുസരിച്ച് ജീവപര്യന്തം തടവുകാർ 1309-ഉം മറ്റു തടവുകാർ 5303-ഉം ആകുന്നു.

(ബി) സാധാരണ വിചാരണത്തടവുകാർക്കും സിവിൽ തടവുകാർക്കും 'സി' ക്ലാസ്സ് തടവുകാർക്കും 18 രൂപ നിരക്കിലും 'എ', 'ബി', സ്പെഷ്യൽ ക്ലാസ്സ്, കോഫേപോസ തുടങ്ങിയ തടവുകാർക്ക് 21 രൂപയുമാണ് നൽകുന്നത്.

(സി) 1-10-1997-ലെ ജി.ഒ.(എംഎസ്.) 253/97/ആഭ്യന്തരം എന്ന ഉത്തരവു പ്രകാരം പരിഷ്കരിച്ച തുകയാണ് ഇപ്പോൾ നൽകിവരുന്നത്.

(ഡി) & (ഇ) ഉണ്ട്. ഇതു സംബന്ധിച്ച ശുപാർശകൾ ഗവൺമെന്റ് പരിശോധിച്ചു വരുന്നു.

GPM. 2/588/2012—10

LIBRARY ARCHIVES Kerala Legislative Assembly